## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4123

20.03.2018-ൽ മറുപടിക്ക്

### പഞ്ചായത്തുകളെ സ്വയം പര്യാപ്തമാക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ഡോ. കെ. ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സ്വന്തമായി വരുമാനം ഇല്ലാത്ത, ശമ്പളവും മറ്റ് ചെലവുകളും സ്വന്തമായി നിർവ്വഹിക്കുവാൻ കഴിയാത്ത എത്ര പഞ്ചായത്തുകൾ നിലവിലുണ്ട്; | എ) ശമ്പളവും മറ്റ് ചെലവുകളും സ്വന്തമായി നിർവ്വഹിക്കുവാൻ കഴിയാത്ത 139 ഗ്രാമപഞ്ചായത്തുകൾ നിലവിലുണ്ട്. |
| ബി) പ്രസ്തുത പഞ്ചായത്തുകൾക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; | ബി) ജനറൽ പർപ്പസ് ഫണ്ട്, ഗ്യാപ്പ് ഫണ്ട് എന്നിവ നൽകി വരുന്നു. |
| സി) ഈ പഞ്ചായത്തുകളെ സ്വയം പര്യാപ്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ? | സി) ഗ്രാമപഞ്ചായത്തുകളെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് ചട്ടപ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കേണ്ട നികുതികളും ഫീസുകളും സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളിൽ നിന്ന് ലഭിക്കേണ്ട വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നൽകിയിട്ടുണ്ട്. ഗ്യാപ് ഫണ്ട് നല്കി സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ